വിമുക്തഭടൻമാരായ ക്ലാസ്-3 ക്ലാസ്-4 വിഭാഗം ജീവനക്കാർക്ക് ഹയർഗ്രേഡ്

221. [833] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺ സിവിലിയൻ വിഭാഗത്തിൽ മിലിട്ടറി സർവ്വീസിൽ നോൺ ഗസററഡ് ജീവനക്കാരനായി 15 വർഷം സേവനം നടത്തി പെൻഷനായതിനുശേഷം സംസ്ഥാന സർവ്വീസിൽ പുനർ നിയമനം ലഭിച്ച വിമുക്തഭടൻമാരായ ക്ലാസ്-3 ക്ലാസ്-4 വിഭാഗം ജീവനക്കാർക്ക് പുനർ നിയമനം ലഭിച്ച നാൾമുതൽ ഹയർ ഗ്രേഡിന് അർഹതയുണ്ടോ ;

(ബി) ധന (പേ റിവിഷൻ സെൽ വകുപ്പിന്റെ) 16-11-1981-ലെ ജി. ഒ. പി. 764/81 (384)/ധന.നമ്പർ ഉത്തരവിന്റെ ആനുകൂല്യത്തിന് ഏതു വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കാണ് അർഹതയുള്ളത് ;

(സി) ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ മേൽ പരാമർശിച്ച ഉത്തരവ് നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം എല്ലാ വകുപ്പുകളിലേക്കും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) മിലിട്ടറി/വാർ സർവീസ് സിവിൽ പെൻഷന് കണക്കാക്കാവുന്നതാണെങ്കിൽ ടി സർവ്വീസ് സമയബന്ധിത ഹയർഗ്രേഡിന് കണക്കാക്കാൻ വ്യവസ്ഥയുണ്ട്. ഈ ഉപാധിക്കു വിധേയമായി പുനർ നിയമനം ലഭിച്ച നാൾമുതൽ ഹയർഗ്രേഡിന് എല്ലാ എൻ. ജി. ഒ. യ്ക്കും അർഹതയുണ്ട്.

(ബി) നോൺ ഗസററഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 1-7-1988 മുതൽക്ക് ഗസററഡ് വിഭാഗത്തിൽപ്പെട്ടവർക്കും 10 വർഷത്തെ സമയബന്ധിത ഗ്രേഡിന് ഈ ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ബാധകമല്ല

സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്

222. [834] ശ്രീ. ജോർജ് മസ്ക്രീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എത്ര ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇൻസ്പെക്ഷൻ ടീമുകൾ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സമയബന്ധിത പരിപാടി അനുസരിച്ച് എല്ലാ ഓഫീസുകളും പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിലുള്ള ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തിയതിൽ എത്ര ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) അവ ഏതൊക്കെ ഓഫീസുകളിലാണ് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള നടപടികൾക്ക് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഉടൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട്

(ബി) ഇല്ല

(സി) എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തുക എന്നകാര്യം പ്രായോഗികമല്ല. അതിനാൽ താരതമ്യേന കൂടുതൽ പർച്ചേസുകളുള്ള ആഫീസുകൾക്കാണ് മുൻഗണന നൽകുന്നത്. എങ്കിലും വകുപ്പു തലവൻമാർ ആവശ്യപ്പെടുന്ന പരിശോധനകളുംകൂടി സാധാരണ പരിപാടികൾക്ക് വിഘ്നം വരാത്തവിധം നടത്താറുണ്ട്.

(ഡി, ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ഇൻസ്പെക്ഷൻ ടീമുകൾ 76 സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ വേളയിൽ കണ്ടുപിടിക്കപ്പെടുന്ന ന്യൂനതകൾ പരിശോധനാ റിപ്പോർട്ടുരൂപത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണവകുപ്പുകൾ പരിശോധനാ റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുള്ള ന്യൂനതകളെ കുറിച്ച് ബന്ധപ്പെട്ടവരിൽനിന്നും വിശദീകരണങ്ങൾ വാങ്ങി പരിശോധിച്ച് അതിൻമേൽ തീരുമാനമെടുക്കുമ്പോൾ മാത്രമേ ഏതെല്ലാം ക്രമക്കേടുകളാണ് ഉണ്ടായിട്ടുള്ളതെന്ന് പറയാൻ കഴിയുകയുള്ളു.

(എഫ്, ജി) ഉണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പുകൾ എടുക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വേണ്ട നിർദ്ദേശങ്ങൾ അടിക്കടി നൽകിവരുന്നുണ്ട്.

## മഹിളാപ്രധാൻ ഏജൻറുമാർക്കുള്ള ആനുകൂല്യങ്ങൾ

223. [835] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനത്തിൻെറ ഭാഗമായി സംസ്ഥാനത്ത് മഹിളാ പ്രധാൻ ഏജൻറുമാരായി എത്രപേർ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(സി) ഇവർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ആനുകൂല്യങ്ങൾ കൃത്യമായി ഇവർക്ക് നൽകിവരുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ കുടിശ്ശിക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ ;

(ജി) ഇവർക്ക് ഒരു ക്ഷേമനിധി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഏത് തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരും. ക്ഷേമനിധിയുടെ വ്യവസ്ഥകൾ, ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6445 മഹിളാ പ്രധാൻ ഏജൻറുമാർ ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly